**Website: www.kwa.kerala.gov.in**
**Mobile/ Whatsapp: +919495998258**

**Tel. 0471-2738300**
Consumer Helpline Number
**1916 [24X7] [Toll Free]**
kwahoest@gmail.com

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,വാട്ടർ അതോറിറ്റി ക്യാംപസ്,വെള്ളയമ്പലം

---

നമ്പർ.KWA-JB/1342/2026-E11-Part(1) തീയതി: 04-05-2026

**സർക്കുലർ**

വിഷയം: കേരള വാട്ടർ അതോറിറ്റി – അഡ്മിനിസ്ട്രേഷൻ – ഗ്രൂപ്പ് ഹെൽത്ത് ഇൻഷുറൻസ് പദ്ധതി (2026-27) – പുതിയ ഇൻഷുറൻസ് കാർഡുകൾ വിതരണം ചെയ്യുന്നതും – ജീവനക്കാർക്കുള്ള നിർദ്ദേശങ്ങൾ നൽകുന്നതും – സംബന്ധിച്ച്.

സൂചന : 1. 13.04.2026-ലെ നടപടിക്രമം നമ്പർ KWA-JB/1002/2026-E11.

2. ഇൻഷുറൻസ് ടി.പി.എ (TPA) ആയ FHPL ൽ നിന്നുള്ള അറിയിപ്പ്.

കേരള വാട്ടർ അതോറിറ്റി ജീവനക്കാർക്കും അവരുടെ ആശ്രിതർക്കുമായി നടപ്പിലാക്കി വരുന്ന 2026-27 വർഷത്തെ ഗ്രൂപ്പ് ഹെൽത്ത് ഇൻഷുറൻസ് പദ്ധതിയുടെ ഭാഗമായി, ടി.പി.എ (TPA) ആയ FHPL പുതിയ ഇൻഷുറൻസ് ഇ-കാർഡുകൾ (E-Cards) ലഭ്യമാക്കിയിട്ടുണ്ട്.

ജീവനക്കാർക്ക് തങ്ങളുടെ ഇൻഷുറൻസ് കാർഡുകൾ FHPL വാട്സാപ്പ് ചാറ്റ് ബോട്ട് (നമ്പർ: 9154039276) വഴിയോ, FHPL സ്പാരോ മൊബൈൽ ആപ്പ് (FHPL Sparrow App) വഴിയോ ഡൗൺലോഡ് ചെയ്യാവുന്നതാണ്.

**വിവരങ്ങൾ പരിശോധിക്കലും തിരുത്തലുകളും:** ഇൻഷുറൻസ് കാർഡ് ഡൗൺലോഡ് ചെയ്ത ശേഷം, ജീവനക്കാരൻ്റെ പേര്, ജനനതീയതി, ആശ്രിതരുടെ വിവരങ്ങൾ എന്നിവ കൃത്യമാണോ എന്ന് നിർബന്ധമായും പരിശോധിക്കേണ്ടതാണ്. എന്തെങ്കിലും തെറ്റുകൾ ഉണ്ടാവുകയോ അർഹരായ ആശ്രിതരുടെ വിവരങ്ങൾ വിട്ടുപോവുകയോ ചെയ്തിട്ടുണ്ടെങ്കിൽ താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്:

1. ഈ സർക്കുലറിനോടൊപ്പം നൽകിയിട്ടുള്ള എക്സൽ ഫോർമാറ്റ് (Excel Sheet) കൃത്യമായി പൂരിപ്പിക്കുക.

2. പൂരിപ്പിച്ച എക്സൽ ഫയലും താഴെ പറയുന്ന രേഖകളും അതത് കൺട്രോളിംഗ് ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്.

- നവജാത ശിശുക്കളെ ചേർക്കുന്നതിന് ജനന സർട്ടിഫിക്കറ്റ് ഉള്ളടക്കം ചെയ്യണം.
- പുതുതായി വിവാഹിതരായ പങ്കാളിയെ ചേർക്കുന്നതിന്: വിവാഹ സർട്ടിഫിക്കറ്റ് ഉള്ളടക്കം

ചെയ്യണം.

3.കൺട്രോളിംഗ് ഓഫീസർമാർ തങ്ങളുടെ കീഴിലുള്ള എല്ലാ ജീവനക്കാരുടെയും അപേക്ഷകൾ ക്രോഡീകരിച്ച് **kwa.tvm.e11@gmail.com** എന്ന ഇമെയിൽ വിലാസത്തിലേക്ക് അയക്കേണ്ടതാണ്.

4.ഈ സർക്കുലർ പ്രസിദ്ധീകരിച്ച് 5 ദിവസത്തിനുള്ളിൽ തിരുത്തലുകൾ സമർപ്പിക്കേണ്ടതാണ്.

എല്ലാ ഓഫീസ് മേധാവികളും ഈ വിവരം ജീവനക്കാരുടെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

മെഡിക്കൽ ഇൻഷ്വറൻസിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരുടെയും ആശ്രിതരുടെയും പുതുക്കിയ വിവരങ്ങൾ ഉൾപ്പെടുത്തിയ ലിസ്റ്റ് കേരള വാട്ടർ അതോറിറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റിലെ https://kwa.kerala.gov.in/en/admin-insurance/ എന്ന ലിങ്കിൽ ലഭ്യമാക്കുന്നതാണ് .

Digitally signed by
Saiju Purushothaman
Date: 04-05-2026
00:49:35

വിശ്വസ്തതയോടെ,
SAIJU PURUSHOTHAMAN
CHIEF ENGINEER

പകർപ്പ്: 1.എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ സൂപ്രണ്ടിങ് എഞ്ചിനീയർ മാർ ക്കും/ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും.
2.ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

ഉള്ളടക്കം: 1.എക്സൽ ഫോർമാറ്റ്